തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര സഹായം

* 269 [290] ശ്രീ. കെ. ശങ്കരനാരായണ പിള്ള :
,, എ. കെ. ശശീന്ദ്രൻ :
,, കെ. കെ. ബാലകൃഷ്ണൻ :
,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സഹായം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ആവശ്യപ്പെട്ടത് ;

(സി) ആവശ്യപ്പെട്ടുവെങ്കിൽ എന്ത് സ്കീമിന്റെ അടിസ്ഥാനത്തിലാണ് ആവശ്യപ്പെട്ടത് ;

(ഡി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും മറുപടി ലഭിച്ചുവോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഇല്ല.

(ബി, സി ആൻഡ് ഡി) ഉദിക്കുന്നില്ല.

ബാലവാടി ടീച്ചേഴ്സിന് ശമ്പളം കുടിശ്ശിക

* 270 [291] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. വി. കെ. രാജൻ :
,, എം. കെ. കേശവൻ :
ഡോക്ടർ എ. സുബ്ബാറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബാലവാടി ടീച്ചേഴ്സിന് എത്ര മാസത്തെ ശമ്പളം ആണ് കുടിശ്ശികയായി നൽകുവാനുള്ളത് ;

(ബി) ഓണം ഫെസ്റ്റിവൽ അലവൻസ് ഇവർക്ക് ഇന്നേവരെ ലഭിച്ചിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കുടിശ്ശിക ശമ്പളവും ഫെസ്റ്റിവൽ അലവൻസും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഫെസ്റ്റിവൽ അലവൻസ് ലഭിച്ചില്ല എന്ന പൊതുവായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശമ്പളവും ഫെസ്റ്റിവൽ അലവൻസും കൊടുക്കുന്നതിനു വേണ്ടി ജില്ലാ കളക്ടർമാർക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ വർഷത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഫെസ്റ്റിവെൽ അലവൻസ് ഗവൺമെൻറ് കത്തു നമ്പർ 41952/ജി3/86/ഗ്രാ. വി. വ. തീയതി 1-9-1986 പ്രകാരം അനുവദിച്ചിരുന്നു.

ബ്ലോക്ക് ഓഫീസുകൾ

*271. [292] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ബ്ലോക്ക് ആഫീസുകൾ ഉണ്ട് ;

(ബി) നിലവിലുള്ള ബ്ലോക്കാഫീസുകൾ പുനർ നിർണ്ണയം ചെയ്യാൻ ഉദ്ദേശമുണ്ടോ ;

(സി) പുതിയ ബ്ലോക്കുകൾ രൂപവൽക്കരിക്കുവാൻ ഉദ്ദേശമുണ്ടോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) 151

(ബി, സി) ജനസംഖ്യയിലുണ്ടായ വർദ്ധനവ്, വിസ്തൃതി, ഭരണപരമായ ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് ചില ബ്ലോക്കുകൾ വിഭജിക്കുകയോ അതിർത്തി പുനർനിർണ്ണയിക്കുകയോ ചെയ്യുന്ന കാര്യം ഗവൺമെൻറ് പരിശോധിച്ചുവരുന്നു.

ഗ്രാമീണ വനിതാ ശിശു വികസന പരിപാടി

*272. [293] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. യുടെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ഗ്രാമീണ വനിതാ ശിശു വികസന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത പരിപാടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പാലക്കാടും വയനാടും ജില്ലകളിൽ.

(ബി) സംയോജിത ഗ്രാമവികസന പരിപാടിയുടെ ഒരു ഉപ പദ്ധതിയാണ് ഗ്രാമീണ വനിതാ ശിശു വികസന പരിപാടി. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ഗ്രാമീണ സ്ത്രീകളുടെയും കുട്ടികളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് പൊതുവെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി സ്ത്രീകളെ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് സംയോജിത ഗ്രാമവികസന പരിപാടിയുടെ പ്രയോജനം അവർക്ക് ലഭ്യമാക്കുന്നു. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അമ്മമാർക്ക് തങ്ങളുടെ കുഞ്ഞുങ്ങളെ ശരിയായി പരിപാലിക്കുന്നതിനും സഹായകരമായ സേവനവും ഈ പദ്ധതി മൂലം ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly